(ബി) സർക്കാരിൽ അടയ്ക്കാനുള്ള തുകയുടെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) സമയബന്ധിതമായി ലൈബ്രറി സെസ്സ് ഈടാക്കാനും തുക പൂർണ്ണമായും ഗ്രന്ഥശാലാ സംഘത്തിന് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ലൈബ്രറി സെസ്സ് അടയ്ക്കാൻ വീഴ്ചവരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് അടിയന്തിരമായി അടയ്ക്കുന്നതിന് വകുപ്പു മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

മരംകയറ്റത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

42 [2387] *ശ്രീ എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംകയറ്റത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) എത്ര രൂപയാണ് അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് തുകയായി നൽകുന്നത്;

(ഡി) എത്ര രൂപയാണ് പ്രീമിയമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അടയ്ക്കേണ്ടത്;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പ്രീമിയം അടപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 13-2-2001-ലെ സ.ഉ.(എംഎസ്.) 3/2001/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെങ്ങുകയറ്റത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പരിപാടി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി സർക്കാർ ഉത്തരവുപ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തിനും നഗരപ്രദേശഭരണ സ്ഥാപനത്തിനും ഇൻഷ്വറൻസ് പരിപാടി നടപ്പാക്കാവുന്നതാണ്.

(സി) ഇൻഷ്വർ ചെയ്തിട്ടുള്ള തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ ഒരു വർഷം രൂപയും സ്ഥിരമായി അംഗഭംഗം ഉണ്ടാവുകയാണെങ്കിൽ 50,000 രൂപയും ഭാഗികമായി അംഗവൈകല്യം ഉണ്ടാവുകയാണെങ്കിൽ 10,000 രൂപയും ഇൻഷ്വറൻസ് തുകയായി നൽകുന്നതാണ്.

(ഡി) ഒരു തൊഴിലാളിക്ക് 30 രൂപയാണ് വാർഷിക പ്രീമിയമായി പദ്ധതി വിഭാവിതത്തിൽനിന്നും അടയ്ക്കുന്നത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇറച്ചിവ്യാപാരം നടത്തുന്നതിനുള്ള വ്യവസ്ഥകൾ

43 [2388] *ശ്രീ. തനിമാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിവ്യാപാരം നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യാപാര സ്ഥലങ്ങളിൽ മൃഗങ്ങളുടെ തലയുൾപ്പെടെയുള്ള ശരീരഭാഗങ്ങൾ പൊതുജനങ്ങൾക്ക് അറപ്പുളവാക്കുന്നതരത്തിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇറച്ചിവ്യാപാരം നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത്രാജ് (കശാപ്പുശാലകളും, ഇറച്ചിക്കടകളും) ചട്ടങ്ങൾ, 1999-ലെ കേരള മുനിസിപ്പാലിറ്റി ചട്ടത്തിലെ 452 മുതൽ 455 വരെയുള്ള ചട്ടങ്ങൾ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ്.

(ബി) & (സി) കേരള ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം നഗരസഭാ പ്രദേശങ്ങളിൽ ഇറച്ചിവ്യാപാര സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് അറപ്പും വെറുപ്പും ഉളവാക്കുന്ന രീതിയിൽ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ നഗരസഭാ

LIBRARY ARCHIVES Kerala Legislative Assembly